**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 151** **04/11/2019 ൽ മറുപടിക്ക്**

**ശബരിമലയിലെ യുവതീ പ്രവേശന കേസിൽ സർക്കാരിന്റെ നിലപാട്**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ഐ.സി.ബാലകൃഷ്ണൻ**<br>**ശ്രീ.എ.പി. അനിൽ കുമാർ**<br>**ശ്രീ.എം. വിൻസെന്റ്** | **പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | 2006-ൽ ഇന്ത്യൻ യംഗ് ലായേഴ്സ് അസോസിയേഷൻ എന്ന സംഘടന സുപ്രീംകോടതിയിൽ യുവതീപ്രവേശനം സംബന്ധിച്ച് നൽകിയ ഹർജിയിൽ 2007-ൽ അന്നത്തെ സർക്കാർ സ്വീകരിച്ച നിലപാട് എന്തായിരുന്നു; | (എ) | യുവതീ പ്രവേശം സംബന്ധിച്ച വിഷയം ആദ്യമായി ബഹു.കേരള ഹൈക്കോടതിയുടെ പരിഗണനയ്ക്ക് വരുന്നത് 1990 ലാണ്. ഒ.പി 9051/1990 എന്ന കേസിൽ ഈ വിഷയം കോടതി പരിഗണിച്ചു. അന്ന് സംസ്ഥാന ഗവൺമെന്റും ദേവസ്വം ബോർഡും പ്രത്യേകം പ്രത്യേകം ഫയൽ ചെയ്ത എതിർ സത്യവാങ്മൂലങ്ങളിൽ യുവതികൾക്ക് ശബരിമലയിൽ പ്രവേശനത്തിന് തടസ്സമില്ല എന്ന നിലപാടാണ് സ്വീകരിച്ചിരുന്നത്.<br>പ്രസ്തുത കേസിൽ 05.04.1991-ൽ ബഹു.കേരള ഹൈക്കോടതി യുവതീ പ്രവേശം നിരോധിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത വിധി അന്നത്തെ സർക്കാരും തുടർന്നുവന്ന സർക്കാരുകളും നടപ്പാക്കുന്ന നിലപാടാണ് സ്വീകരിച്ചത്. ബഹു.ഹൈക്കോടതി വിധിക്കെതിരെ സംസ്ഥാന സർക്കാർ അപ്പീൽ ഫയൽ ചെയ്തിരുന്നില്ല.<br>2006-ൽ ഇന്ത്യൻ യംഗ് ലോയേഴ്സ് അസോസിയേഷനുവേണ്ടി ശ്രീമതി.പ്രേരണാകുമാരി ഉൾപ്പെടെയുള്ളവർ പ്രായഭേദമന്യേ ശബരിമലയിൽ സ്ത്രീ പ്രവേശം അനുവദിക്കണമെന്നാവശ്യപ്പെട്ട് |

| | | | |
|---|---|---|---|
| | | | ബഹു.സുപ്രീംകോടതിയിൽ റിട്ട് ഹർജി ഫയൽ ചെയ്തു. പ്രസ്തുത കേസിലും ബഹു.ഹൈക്കോടതിയിൽ സർക്കാർ എടുത്ത അതേ നിലപാടാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചത്. ബഹു.ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ ബഹു.സുപ്രീംകോടതിയിൽ 13.11.2007 ൽ സംസ്ഥാന സർക്കാർ ഫയൽ ചെയ്ത എതിർ സത്യവാങ്മൂലത്തിൽ സ്ത്രീകൾക്കും പുരുഷൻമാർക്കും തുല്യമായ ആരാധനാ അവകാശമുണ്ടെന്ന നിലപാടാണ് സ്വീകരിച്ചത്.<br>എന്നാൽ ശബരിമല ക്ഷേത്രവുമായി ബന്ധപ്പെട്ടുള്ള പ്രവേശന വിഷയം വർഷങ്ങളായി തുടർന്നു വരുന്ന ആചാരമായതിനാലും, അത് വിശ്വാസത്തിലും മൂല്യങ്ങളിലും ബന്ധപ്പെട്ടതായതിനാലും അത് ജനങ്ങൾ സ്വീകരിച്ചതായതിനാലും, സർക്കാർ നടപ്പാക്കാൻ ബാധ്യതപ്പെട്ട ബഹു.ഹൈക്കോടതി വിധി നിലവിലുള്ളതിനാലും, ഹിന്ദുധർമ്മ ശാസ്ത്രത്തിൽ ആധികാരിക പരിജ്ഞാനമുള്ള പ്രമുഖ പണ്ഡിതരും, അഴിമതിയില്ലാത്തവരും ബഹുമാന്യരുമായ സാമൂഹ്യ പരിഷ്കർത്താക്കളും ഉൾക്കൊള്ളുന്ന ഒരു കമ്മീഷൻ രൂപീകരിച്ച് അവരോട് പ്രായവ്യത്യാസമില്ലാതെ എല്ലാ വിഭാഗം സ്ത്രീകൾക്കും ക്ഷേത്രാരാധന അനുവദിക്കാമോ എന്നതിൽ അഭിപ്രായങ്ങളും കാഴ്ചപ്പാടുകളും ലഭ്യമാക്കാൻ നിർദ്ദേശിക്കണമെന്നും പറഞ്ഞിരുന്നു. ഇങ്ങനെ ഒരു നിർദ്ദേശം വെച്ചത് പരമോന്നത നീതി പീഠം തീരുമാനമെടുക്കുമ്പോൾ ഏവർക്കും സ്വീകാര്യവും ന്യായയുക്തമായ |

| | | | |
|---|---|---|---|
| | | | തീരുമാനം ഉണ്ടാകണമെന്ന താൽപര്യം കൊണ്ടാണ്.<br>സർക്കാർ ഈ വിഷയത്തിൽ പുതിയ നിയമ നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നില്ലെന്നും സർക്കാർ ബഹു.കോടതിയിൽ നിന്നുള്ള വിധി പ്രകാരം പ്രവർത്തിക്കുമെന്നും സത്യവാങ്മൂലത്തിൽ ഉറപ്പുനൽകി. |
| (ബി) | 2016-ൽ ജസ്റ്റിസ് ദീപക് മിശ്ര അദ്ധ്യക്ഷനായ മൂന്നംഗ ബഞ്ച് പ്രസ്തുത കേസ് പരിഗണിച്ചപ്പോൾ മുൻ സർക്കാർ ശബരിമലയിൽ സ്ത്രീ പ്രവേശനം ആവശ്യമില്ലെന്നും തൽസ്ഥിതി തുടരണമെന്നും സത്യവാങ്മൂലം നൽകിയിട്ടുണ്ടോ; | (ബി) | 05-02-2016-ൽ ഒരു പുതിയ എതിർസത്യവാങ്മൂലം സമർപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത കേസിൽ 2007-ൽ സർക്കാർ സമർപ്പിച്ചിരുന്ന എതിർസത്യവാങ്മൂലത്തിന് പകരമാണ് ഇതെന്ന് ബോധ്യപ്പെടുത്തുകയോ ബഹു.കോടതിയുടെ അനുമതി വാങ്ങി മുൻ എതിർസത്യവാങ്മൂലം പിൻവലിക്കുകയോ ചെയ്തിരുന്നില്ല. തുടർന്ന് കേസ് പരിഗണിച്ചപ്പോൾ 05-02-2016-ൽ സമർപ്പിച്ച എതിർസത്യവാങ്മൂലം ബഹു.സുപ്രീംകോടതി പരിഗണനയ്ക്ക് എടുത്തിരുന്നില്ല. |
| (സി) | പിന്നീട് ഭരണഘടനാ ബഞ്ചിൽ ഈ കേസ് പരിഗണിച്ചപ്പോൾ ശബരിമലയിലെ സ്ത്രീ പ്രവേശനത്തെ അനുകൂലിക്കുകയും 2007-ലെ അന്നത്തെ സർക്കാരിന്റെ സ്ത്രീ പ്രവേശനത്തിന് അനുകൂലമായ ആദ്യ സത്യവാങ്മൂലത്തിലെ നിലപാടാണ് തങ്ങളുടേതെന്ന് ഈ സർക്കാർ കോടതിയെ അറിയിക്കുകയും സ്ത്രീ വിലക്കിനെതിരായി ശക്തമായി കോടതിയിൽ വാദിക്കുകയും ചെയ്തിരുന്നോ; | (സി) | ബഹു.സുപ്രീംകോടതിയുടെ അഞ്ചംഗ ബഞ്ച് കേസ് പരിഗണയ്ക്ക് എടുത്തപ്പോൾ സർക്കാരിന്റേതായി 2007 ലെയും 2016 ലെയും സത്യവാങ്മൂലങ്ങൾ കോടതിയുടെ മുമ്പിൽ നിലവിലുണ്ടായിരുന്നു. ബഹു.സുപ്രീംകോടതി ഇതിലേത് സത്യവാങ്മൂലമാണ് പരിഗണിക്കേണ്ടത് എന്ന് ചോദിച്ചപ്പോൾ ആദ്യം നൽകിയ സത്യവാങ്മൂലമാണ് നിലനിൽക്കുന്നത് എന്ന നിലപാട് സംസ്ഥാന സർക്കാർ സ്വീകരിച്ചു. ഇതു പ്രകാരം 1990 ൽ സർക്കാർ എടുത്ത നിലപാടിനനുസരിച്ച് 2007 ൽ സുപ്രീംകോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലം നിലനിൽക്കുന്ന |

| | | | |
|---|---|---|---|
| | | | സ്ഥിതിയുണ്ടാവുകയും ചെയ്തു. ഇതനുസരിച്ചാണ് സർക്കാർ അഭിഭാഷകൻ കോടതിയിൽ വാദിച്ചത്. |
| (ഡി) | പ്രസ്തുത നിലപാട് യുവതീ പ്രവേശനത്തിന് അനുകൂലമായ സുപ്രീംകോടതിയുടെ ഭരണഘടന ബെഞ്ചിന്റെ വിധിക്ക് കാരണമായി എന്ന് വിലയിരുത്തുന്നുണ്ടോ; | (ഡി) | ഭരണഘടനയുടെ അടിസ്ഥാന തത്വങ്ങൾ വിശകലനം ചെയ്താണ് ബഹു.സുപ്രീംകോടതി വിധി പ്രസ്താവിച്ചിട്ടുള്ളത് എന്ന് വിധിയിൽ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. |
| (ഇ) | പ്രസ്തുത വിധിയുടെ പുനഃപരിശോധനാ ഹർജി സുപ്രീംകോടതി പരിഗണിക്കുന്ന വേളയിൽ സർക്കാർ മുൻ നിലപാടിൽത്തന്നെ ഉറച്ച നിൽക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഇ) | പുനഃപരിശോധനാ ഹർജികളില്ലും ബഹു.സുപ്രീംകോടതിയുടെ വിധി നടപ്പാക്കുക എന്ന നിലപാടാണ് സംസ്ഥാന സർക്കാരിനുള്ളത്. |

**സെക്ഷൻ ഓഫീസർ**